# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം***- 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 4**

---

## എം.ജി സർവകലാശാലയിൽ ഓൺലൈൻ പി.ജി, ഡിഗ്രി ; ഇപ്പോൾ അപേക്ഷിക്കാം

*മഹാത്മാഗാന്ധി സർവകലാശാലയുടെ ഓൺലൈൻ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിൽ പ്രവേശനത്തിന് സെപ്തംബർ 10 വരെ അപേക്ഷിക്കാം.*

*എം.ബി.എ (ഹ്യൂമൻ റിസോഴ്സ്സ് മാനേജ്മെന്റ്, മാർക്കറ്റിംഗ്, ഫിനാൻസ്), എം.കോം(ഫിനാൻസ് ആൻഡ് ടാക്സേഷൻ), എം.എ ഇംഗ്ലീഷ്, എം.എ ഇക്കണോമിക്സ്, ബി.കോം (ഓണേഴ്സ്) ബി.ബി.എ (ഓണേഴ്സ്), ബി.എ പൊളിറ്റിക്കൽ സയൻസ് (ഓണേഴ്സ്)എന്നീ പ്രോഗ്രാമുകളാണ് സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എജ്യുക്കേഷൻ ജൂലൈ സെഷനിൽ നടത്തുന്നത്.*

*യു.ജി.സി യുടെ അംഗീകാരമുള്ള ഈ പ്രോഗ്രാമുകൾ റെഗുലർ ഡിഗ്രിക്ക് തുല്യമാണ്. ലോകത്തെവിടെനിന്നും ചേർന്നു പഠിക്കാനാകും. വിവിധ കാരണങ്ങളാൽ കോളേജിൽ പഠിക്കാൻ കഴിയാതിരുന്നവർക്കും ജോലിയോടൊപ്പം പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും പ്രവേശനം നേടാം.*

*റെഗുലർ പ്രോഗ്രാമുകൾ പഠിക്കുന്നതിനൊപ്പവും ഓൺലൈൻ പ്രോഗ്രാമുകൾ ചെയ്യാനാകും. ഓണേഴ്സ് ബിരുദ പഠനം നാലുവർഷമാണെങ്കിലും ആവശ്യമായ ക്രെഡിറ്റ് നേടി മൂന്നു വർഷം പൂർത്തീകരിക്കുന്നവർക്കും ബിരുദം നേടാവുന്ന രീതിയിലാണ് പാഠ്യപദ്ധതി ക്രമീകരിച്ചിരിക്കുന്നത്.*

*ലൈവ് ഇന്ററാക്ടീവ് സെഷനുകൾക്കു പുറമെ റെക്കോർഡ് ചെയ്ത വീഡിയോ ക്ലാസുകളും ഇ-ലേണിംഗ് മെറ്റീരിയലുകളും പ്രോഗ്രാമുകളിൽ ഉപയോഗിക്കുന്നു. വീട്ടിലിരുന്ന് എഴുതാവുന്ന റിമോട്ട്ലി പ്രോക്റ്റേഡ് പരീക്ഷയാണ് നടത്തുക.*

*അപേക്ഷകൾ 2025 സെപ്തംബർ 10 -നകം ഓൺലൈനിൽ സമർപ്പിക്കാം.*

*വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും cdoe.mgu.ac.in സന്ദർശിക്കുക.*
*ഫോൺ- 0481 2731010, 9188918258, 8547852326*
*(പി.ആർ.ഒ/39/1909/2025)*

## സ്പോട്ട് അഡ്മിഷൻ

*മൂലമറ്റം സെന്റ് ജോസഫ് അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ ആന്റ് റിസർച്ചിൽ ബിപിഇഎഡ്, ബിപിഇഎസ് പ്രോഗ്രാമുകളിൽ മൂന്നു വീതം സീറ്റുകൾ ഒഴിവുണ്ട്. സർവകലാശാലാ ക്യാമ്പ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ള വിദ്യാർഥികൾ ഓഗസ്റ്റ് എട്ടിനു രാവിലെ 7.30 ന് അസ്സൽ രേഖകളുമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ എത്തണം.*

*അഡ്മിഷൻ നടപടികളുടെ ഭാഗമായി കായികക്ഷമതാ പരീക്ഷ, എഴുത്തു പരീക്ഷ, സർട്ടിഫിക്കറ്റ് പരിശോധന എന്നിവ അന്നുതന്നെ നടത്തും. ഫോൺ- 0481-2733377*
*(പി.ആർ.ഒ/39/1910/2025)*

## വാക്-ഇൻ-ഇന്റർവ്യൂ

*മഹാത്മാഗാന്ധി സർവകലാശാലയിൽ താൽകാലിക കരാർ അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ, സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ നിയമനങ്ങൾക്കുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ ഓഗസ്റ്റ് എട്ടിനു നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ-0481-2733541*
*(പി.ആർ.ഒ/39/1911/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി ജിയോളജി (2023 അഡ്മിഷൻ തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.*
*(പി.ആർ.ഒ/39/1912/2025)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ എംഎസ്സി ഫിസിക്സ് (മെറ്റീരിയൽ സയൻസ് സിഎസ്എസ്-2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് ആറ്, ഏഴ് തിയതികളിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1913/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**